**Code No. 7048**

*For Scheme-I & Scheme-II Candidates*

**Second Year – March 2015**

Time : 2½ Hours
Cool-off time : 15 Minutes

Part – III

# BUSINESS STUDIES

Maximum : 80 Scores

***General Instructions to Candidates :***

- There is a 'cool-off time' of 15 minutes in addition to the writing time of 2½ hrs.
- You are not allowed to write your answers nor to discuss anything with others during the 'cool-off time'.
- Use the 'cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. Royal Insurance Company Ltd. decided to computerise all its branches in Kerala to provide better services to the customers.

   Identify the external environment the company has made use of. **(Score : 1)**

2. Mr. Siva Kumar, the sales officer of a firm maintains direct contacts with all the employees in his department.

   Identify the level of management he belongs to. **(Score : 1)**

3. In the opinion of Henry Fayol, the management expert, each employee should be received orders from one superior only.

   Mention the management principle referred here. **(Score : 1)**

4. One of the following is not a feature of planning. Spot it.

   (a) Pervasiveness

   (b) Mental revolution

   (c) Continuous process

   (d) Flexibility **(Score : 1)**

5. In connection with the Christmas celebration the employees of National Bank formed a small group, who organized a feast and other entertainments.

   Name the type of organization referred here. **(Score : 1)**

6. From the following choose one which is not a part in the process of organizing :

   (a) Division of work

   (b) Grouping of jobs

   (c) Co-ordination of activities

   (d) Scalar chain **(Score : 1)**

1. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നല്കുന്നതിനായി, റോയൽ ഇൻഷുറൻസ് കമ്പനി കേരളത്തിലെ അവരുടെ ശാഖകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനു തീരുമാനിക്കുന്നു.

ഏതു ബാഹ്യ പരിതസ്ഥിതിയാണ് കമ്പനി ഇവിടെ ഉപയോഗിച്ചത് എന്നു തിരിച്ചറിയുക. **(സ്കോർ : 1)**

2. ഒരു സ്ഥാപനത്തിലെ സെയിൽസ് ഓഫീസറായ ശ്രീ. ശിവകുമാർ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിലെ എല്ലാം ജീവനക്കാരുമായും നല്ല ബന്ധം സ്ഥാപിച്ചിട്ടുണ്ട്.

അദ്ദേഹം മാനേജ്മെന്റിന്റെ ഏതു തലത്തിൽ ഉൾപ്പെടുന്നുവെന്നു കണ്ടെത്തുക.

**(സ്കോർ : 1)**

3. മാനേജ്മെന്റ് വിദഗ്ധനായ ഹെൻറി ഫയോളിന്റെ അഭിപ്രായത്തിൽ ഓരോ ജീവനക്കാരനും ഒരു മേലുദ്യോഗസ്ഥനിൽ നിന്നു മാത്രമേ ഉത്തരവുകൾ സ്വീകരിക്കാവൂ.

ഇവിടെ പ്രതിപാദിച്ചിരിക്കുന്ന മാനേജ്മെന്റ് തത്വം ഏതെന്നു രേഖപ്പെടുത്തുക.

**(സ്കോർ : 1)**

4. താഴെപ്പറയുന്നവയിൽ ആസൂത്രണത്തിന്റെ സ്വഭാവമല്ലാത്തത് കണ്ടെത്തുക.

(a) Pervasiveness (b) Mental revolution

(c) Continuous process (d) Flexibility **(സ്കോർ : 1)**

5. ക്രിസ്മസ് ആഘോഷങ്ങളോടനുബന്ധിച്ച് നാഷണൽ ബാങ്കിലെ ജീവനക്കാർ ഒരു ചെറിയ ഗ്രൂപ്പുണ്ടാക്കുകയും, അവരുടെ നേതൃത്വത്തിൽ സദ്യയും മറ്റു കലാപരിപാടികളും സംഘടിക്കുകയുമുണ്ടായി.

ഏതുതരം സംഘാടനമാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതെന്ന് രേഖപ്പെടുത്തുക.

**(സ്കോർ : 1)**

6. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും സംഘാടനം എന്ന പ്രക്രിയയുടെ ഭാഗമല്ലാത്തത് തെരഞ്ഞെടുക്കുക :

(a) Division of work (b) Grouping of jobs

(c) Co-ordination of activities (d) Scalar chain **(സ്കോർ : 1)**

7. The newly established Technical University in Kerala wants to appoint 100 data entry operators.

   (a) Suggest a suitable test to be conducted to select the candidates.

   (b) Justify your answer. **(Scores : 2)**

8. Observe the following methods of communication :

   (i) Upward communication

   (ii) Informal communication

   (iii) Horizontal communication

   (iv) Diagonal communication

   (a) Spot the odd one.

   (b) Justify your answer. **(Scores : 2)**

9. Identify the management function which denotes the process of ensuring that actual activities conform to planned activities. **(Score : 1)**

10. Select the wrong pair from the following :

| | | | |
|---|---|---|---|
| (a) | Interest | – | Debentures |
| (b) | Buildings | – | Working Capital |
| (c) | Mix of debt and equity | – | Capital Structure |
| (d) | Dividend | – | Share Capital |

**(Score : 1)**

11. Complete the series :

   (a) Treasury Bills ⟶ 14 to 364 days

   (b) Call Money ⟶ (?)

   (c) Commercial Paper ⟶ (?) **(Scores : 2)**

12. Colgate Palmolive Ltd. markets Colgate toothpaste in different colours with varying features.

   (a) Point out the element of the product mix referred here.

   (b) Explain it. **(Scores : 2)**

7. കേരളത്തിൽ പുതിയതായി സ്ഥാപിച്ച സാങ്കേതിക സർവ്വകലാശാല 100 ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സിനെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചിരിക്കുന്നു.

(എ) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് നടത്താവുന്ന അനുയോജ്യമായ ടെസ്റ്റ് ഏതെന്നു നിർദ്ദേശിക്കുക.

(ബി) ഉത്തരം സാധൂകരിക്കുക. **(സ്കോർസ് : 2)**

8. താഴെ കൊടുത്തിരിക്കുന്ന ആശയ വിനിമയ രീതികൾ നിരീക്ഷിക്കുക.

(i) Upward communication (ii) Informal communication

(iii) Horizontal communication (iv) Diagonal communication

(എ) വേറിട്ടു നില്ക്കുന്നത് കണ്ടെത്തുക.

(ബി) ഉത്തരം സാധൂകരിക്കുക. **(സ്കോർസ് : 2)**

9. യഥാർത്ഥ നിർവ്വഹണം ആസൂത്രണ നിർവ്വഹണവുമായി സാദൃശ്യം പാലിക്കുന്നുണ്ടോ എന്നു തിരിച്ചറിയുന്നതിനായി പ്രയോഗിക്കുന്ന മാനേജ്മെന്റ് ധർമ്മമേതെന്നു കണ്ടെത്തുക. **(സ്കോർ : 1)**

10. താഴെ കൊടുത്തിരിക്കുന്നതിൽ നിന്നും തെറ്റായ ജോഡി തെരഞ്ഞെടുക്കുക :

(a) Interest – Debentures

(b) Buildings – Working Capital

(c) Mix of debt and equity – Capital Structure

(d) Dividend – Share Capital **(സ്കോർ : 1)**

11. ബന്ധം കണ്ടെത്തി പൂരിപ്പിക്കുക.

(a) Treasury Bills ⟶ 14 to 364 days

(b) Call Money ⟶ (?)

(c) Commercial Paper ⟶ (?) **(സ്കോർസ് : 2)**

12. കോൾഗേറ്റ് പാമോലിവ് ലിമിറ്റഡ് എന്ന കമ്പനി വ്യത്യസ്തങ്ങളായ നിറങ്ങളോടും സ്വഭാവത്തോടും കൂടിയ കോൾഗേറ്റ് ടൂത്ത്പേസ്റ്റ് വിപണനം നടത്തുന്നു.

(എ) ഉൽപ്പന്ന മിശ്രണത്തിലെ ഏതു ഘടകമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് ?

(ബി) വിവരിക്കുക. **(സ്കോർസ് : 2)**

13. The Industrial Policy 2003 formulated by the Govt. of India was to highlight some objectives. Name any four such objectives. **(Scores : 4)**

14. State any four points that validate management as a science. **(Scores : 4)**

15. F.W. Taylor, the father of scientific management developed various techniques to improve performance of business firms. Explain any four of such techniques.

**(Scores : 4)**

16. The Board of Directors of National Aluminium Co. Ltd. decided to implement the following plans in their production department during the year 2014.

    (a) Increase the production by 10% in the year 2014.

    (b) Only ITI certificate holders should be appointed.

    (c) All employees should punch at the factory gate at 8 a.m.

    (d) Newly selected employees should be given one month training.

    (1) Classifies the plans adopted by the National Aluminium Co. Ltd.

    (2) Establish the reasons for such classification. **(Scores : 4)**

17. Mr. Radhakrishnan, the Branch Manager of a nationalized bank often share some of his work to his immediate subordinate Mr. Rajendran, the Assistant Manager. This helps Mr. Radhakrishnan to spend more time to mobilize their targeted deposit.

    (a) Name the element of organization applied by Mr. Radhakrishnan.

    (b) State the various steps to be followed in the process involved in it.

**(Scores : 5)**

13. ചില ലക്ഷ്യങ്ങൾ ഉയർത്തിക്കാട്ടുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഭാരത സർക്കാർ 2003-ലെ വ്യവസായ നയം രൂപീകരിച്ചത്. ഇവിടെ സൂചിപ്പിക്കുന്ന ഏതെങ്കിലും നാല് ലക്ഷ്യങ്ങൾ രേഖപ്പെടുത്തുക. **(സ്കോർസ് : 4)**

14. മാനേജ്മെന്റ് ഒരു ശാസ്ത്രമാണ് എന്ന ആശയം സ്ഥാപിക്കുന്നതിന് നാല് വാദഗതികൾ നിരത്തുക. **(സ്കോർസ് : 4)**

15. ബിസിനസ് സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ശാസ്ത്രീയ മാനേജ്മെന്റിന്റെ പിതാവ് എന്ന് അറിയപ്പെടുന്ന എഫ്. ഡബ്ളിയു. ടെയ്ലർ ചില സൂത്രങ്ങൾ വികസിപ്പിക്കുകയുണ്ടായി. അത്തരത്തിലുള്ള നാല് സൂത്രങ്ങൾ വിശദമാക്കുക. **(സ്കോർസ് : 4)**

16. നാഷണൽ അലുമിനിയം കമ്പനി ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് കൂടി 2014-ൽ അവരുടെ ഉൽപ്പാദന വിഭാഗത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തു :

    (a) Increase the production by 10% in the year 2014.

    (b) Only ITI certificate holders should be appointed.

    (c) All employees should punch at the factory gate at 8 a.m.

    (d) Newly selected employees should be given one month training.

    (1) നാഷണൽ അലുമിനിയം കമ്പനി നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികളെ തരം തിരിക്കുക.

    (2) ഈ രീതിയിൽ തരം തിരിച്ചതിന്റെ കാരണങ്ങൾ സാധൂകരിക്കുക. **(സ്കോർസ് : 4)**

17. ഒരു ദേശസാൽകൃത ബാങ്കിന്റെ ശാഖാ മാനേജരായ ശ്രീ. രാധാകൃഷ്ണൻ മിക്കപ്പോഴും അദ്ദേഹത്തിന്റെ ചില ചുമതലകൾ തൊട്ടുതാഴെയുള്ള അസിസ്റ്റന്റ് മാനേജർ ശ്രീ. രാജേന്ദ്രന് പകർന്നു കൊടുക്കാറുണ്ട്. ഇതുമൂലം ശ്രീ. രാധാകൃഷ്ണന് ബാങ്കിന്റെ നിക്ഷേപ ലക്ഷ്യം സമാഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കാൻ സാധിക്കുന്നു.

    (എ) സംഘാടനത്തിന്റെ ഏതു ഘടകമാണ് ശ്രീ. രാധാകൃഷ്ണൻ ഇവിടെ പ്രയോഗിച്ചിരിക്കുന്നതെന്നു സൂചിപ്പിക്കുക.

    (ബി) ഇതുമായി ബന്ധപ്പെട്ട പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ പ്രസ്താവിക്കുക.

**(സ്കോർസ് : 5)**

18. In Krishna Cashews Ltd., the employees are paid wages on the basis of the quantity of cashews processed by each one.

(a) Name the method of wage payment system applied there.

(b) State any three merits of the system.

(c) Identify any two types of firms where this is suitable. **(Scores : 6)**

19. "Effectiveness of leadership depends upon the qualities of a leader." Explain any four qualities of a leader. **(Scores : 4)**

20. "Planning and Controlling are inseparable Siamese twins of management." Why ?

**(Scores : 4)**

21. Indian money market is a well developed one with the active participation of large number of financial institutions and the presence of innovative financial instruments.

(a) Name any three participants of Indian money market.

(b) Name any three innovative financial instruments prevailing in Indian money market. **(Scores : 6)**

22. The aim of 'marketing' and 'selling' is to maximize profit. Yet they differ in their approach. Differentiate between these two by pointing out four differences. **(Scores : 4)**

23. In India there are different consumer protection agencies. Name any six of them.

**(Scores : 3)**

24. (a) "No business can run successfully without adequate working capital." By highlighting this fact :

(i) Narrate the significance of adequacy of working capital.

(ii) Identify the important factors influencing working capital of a firm. **(Scores : 8)**

**OR**

18. ഓരോ തൊഴിലാളിയും സംസ്കരിച്ച കശുവണ്ടിയുടെ തൂക്കം അനുസരിച്ചാണ് കൃഷ്ണാ കാഷ്യൂ ലിമിറ്റഡ് എന്ന കമ്പനിയിൽ കൂലി നൽകുന്നത്.

(എ) ഇവിടെ അനുവർത്തിക്കുന്ന വേതന വിതരണ രീതി ഏത് ?

(ബി) ഈ രീതിയുടെ മൂന്നു ഗുണങ്ങൾ പ്രസ്താവിക്കുക.

(സി) ഈ രീതിയ്ക്ക് അനുയോജ്യമായ രണ്ടു സ്ഥാപനങ്ങൾ കണ്ടെത്തുക. **(സ്കോർസ് : 6)**

19. നേതൃത്വത്തിന്റെ കാര്യക്ഷമത നേതാവിന്റെ ഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നു. നേതാവിന്റെ ഏതെങ്കിലും നാലു ഗുണങ്ങൾ വിവരിക്കുക. **(സ്കോർസ് : 4)**

20. ആസൂത്രണവും നിയന്ത്രണവും മാനേജുമെന്റിന്റെ വേർപിരിക്കാൻ കഴിയാത്ത സയാമീസ് ഇരട്ടകളെപ്പോലെയാണ്. എന്തുകൊണ്ട് ? **(സ്കോർസ് : 4)**

21. ധാരാളം ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തവും നവീന ധനകാര്യ പ്രമാണ-ങ്ങളുടെ സാന്നിദ്ധ്യവുംകൊണ്ട് വികസിച്ച ഒന്നാണ് ഇന്ത്യൻ ധനവിപണി.

(എ) ഇന്ത്യൻ ധനവിപണിയിലെ ഏതെങ്കിലും മൂന്നു പങ്കാളികളുടെ പേരെഴുതുക.

(ബി) ഇന്ത്യൻ ധനവിപണിയിൽ കണ്ടുവരുന്ന മൂന്നു നൂതന ധനകാര്യ പ്രമാണങ്ങൾ ഏതെന്നു രേഖപ്പെടുത്തുക. **(സ്കോർസ് : 6)**

22. അങ്ങേയറ്റം ലാഭം നേടുക എന്നതാണ് വിപണനത്തിന്റെയും വിൽപ്പനയുടെയും പ്രധാന ലക്ഷ്യം. എന്നാൽ ഇത് രണ്ടിന്റെയും സമീപനങ്ങൾ വ്യത്യസ്തമാണ്. ഏതെങ്കിലും നാലു വ്യത്യാസങ്ങൾ രേഖപ്പെടുത്തി ഇവ രണ്ടിനെയും വേർതിരിക്കുക. **(സ്കോർസ് : 4)**

23. ഇന്ത്യയിൽ ഉപഭോക്തൃ സംരക്ഷണത്തിന് ധാരാളം മാർഗ്ഗങ്ങളുണ്ട്, അത്തരത്തിലുള്ള ഏതെങ്കിലും ആറു മാർഗ്ഗങ്ങൾ എഴുതുക. **(സ്കോർസ് : 3)**

24. (എ) പര്യാപ്തമായ പ്രവർത്തന മൂലധനം ഇല്ലാതെ ഒരു ബിസിനസ്സിനും വിജയകരമായി പ്രവർത്തിക്കാൻ സാദ്ധ്യമല്ല. ഈ പ്രസ്താവന ഉയർത്തി-ക്കാണിച്ചുകൊണ്ട് :

(i) പര്യാപ്തമായ പ്രവർത്തന മൂലധനത്തിന്റെ ആവശ്യകതയെ കുറിച്ച് പ്രതിപാദിക്കുക.

(ii) ഒരു സ്ഥാപനത്തിന്റെ പ്രവർത്തന മൂലധനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെന്നു കണ്ടെത്തുക. **(സ്കോർസ് : 8)**

**അല്ലെങ്കിൽ**

(b) "Management of fixed capital involves allocation of firms capital to different long term assets or projects." By highlighting this statement, you are required to :

(i) Identify and explain the various factors influencing the fixed capital requirements of a company, and

(ii) State the principles to be followed in managing the fixed assets of a company. **(Scores : 8)**

25. (a) Mr. Mohan Das, the proprietor of Das Automobiles Ltd. wants to open a branch of its business at Nagercoil. He is not aware of any sales promotion measures. As a marketing expert, you are requested to narrate him the various objectives of sales promotion and the different sales promotion techniques suitable for his business. **(Scores : 8)**

**OR**

(b) "It is often criticized that "advertisement is a wasteful activity and an unnecessary cost"." You are asked to establish the statement by highlighting the various arguments against advertisement. **(Scores : 8)**

(ബി) സ്ഥിര മൂലധന മാനേജ്മെന്റ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു സ്ഥാപനത്തിന്റെ മൂലധനം വിവിധങ്ങളായ ദീർഘകാല ആസ്തികളിലും മറ്റു സംരംഭങ്ങളിലും നിക്ഷേപിക്കുക എന്നതാണ്. ഈ പ്രസ്താവന കണക്കിലെടുത്തുകൊണ്ട് :

(i) ഒരു കമ്പനിയുടെ സ്ഥിര മൂലധനത്തിന്റെ ആവശ്യകതയെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

(ii) ഒരു കമ്പനിയിലെ സ്ഥിര ആസ്തികൾ കൈകാര്യം ചെയ്യുന്നതിന് കൈക്കൊള്ളുന്ന തത്വങ്ങൾ പ്രസ്താവിക്കുക. **(സ്കോർസ് : 8)**

25\. (എ) ദാസ് ആട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉടമയായ ശ്രീ. മോഹൻദാസ് അദ്ദേഹത്തിന്റെ സ്ഥാപനത്തിന്റെ ഒരു ശാഖ നാഗർകോവിലിൽ തുടങ്ങാൻ തീരുമാനിക്കുന്നു. എന്നാൽ അദ്ദേഹത്തിന് വിക്രയ സംവർദ്ധന പ്രവർത്തനങ്ങളെക്കുറിച്ച് അറിവില്ല. ഒരു വിപണനകാര്യ വിദഗ്ധൻ എന്ന നിലയിൽ വിക്രയ സംവർദ്ധന പ്രവർത്തനങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് അദ്ദേഹത്തിനു വിവരിച്ചുകൊടുക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു. അതോടൊപ്പം വിവിധ വിക്രയ സംവർദ്ധന മാർഗ്ഗങ്ങളെക്കുറിച്ചും അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി കൊടുക്കുവാൻ ആവശ്യപ്പെടുന്നു. **(സ്കോർസ് : 8)**

**അല്ലെങ്കിൽ**

(ബി) പരസ്യം ഒരു പാഴ്‌വേലയും അനാവശ്യ ചെലവുമാണെന്ന് പലപ്പോഴും വിമർശനമുയരാറുണ്ട്. പരസ്യത്തിനെതിരായ വാദഗതികൾ ഉയർത്തി ഈ പ്രസ്താവനയെ സാധൂകരിക്കുക. **(സ്കോർസ് : 8)**